ഉത്തരം

(എ) അയിലം പാലത്തിന്റെ പ്രവൃത്തി 1-1-2011-ൽ ആണ് ആരംഭിച്ചത്. 25.32 മീറ്റർ വീതം നീളമുള്ള മൂന്ന് സ്പാനുകൾ ഉള്ള പാലത്തിന്റെ ഒരു സ്പാനിന്റെ പണി പൂർത്തീകരിച്ചു. മദ്ധ്യ ഭാഗത്തെ സ്പാനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. പുഴയുടെ സംരക്ഷണ ഭിത്തിയുടേയും അപ്രോച്ച് റോഡിന്റേയും നിർമ്മാണവും നടന്നുവരുന്നു. ടി പ്രവൃത്തി 31-1-2016-ന് ഉള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ കാലതാമസം

265 (1309) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേളകം അടക്കാത്തോട് റോഡ്

266 (1310) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജക മണ്ഡലത്തിലെ ഇരിട്ടി പൊതുമരാമത്ത് വകുപ്പ് സെക്ഷന്റെ കീഴിലുള്ള കേളകം അടക്കാത്തോട് റോഡിന്റെ നവീകരണത്തിന് നാല് വർഷത്തിനുള്ളിൽ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) റോഡ് പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്ത് കാരണത്താലാണ് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് ;

(സി) റോഡ് പ്രവൃത്തി എത്രയും വേഗത്തിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly